പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1331 03.12.2015 -ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ റേഷൻ കള്ളക്കടത്ത്

ചോദ്യം

**ശ്രീ. ജി. എസ്. ജയലാൽ**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ റേഷൻ വിതരണത്തിലെ ക്രമക്കേട്, നിലവിലുള്ള നിയമങ്ങളുടെ ലംഘനം എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇവരിൽ നിന്നും എത്ര രൂപാ പിഴയായി ഈടാക്കിയിട്ടുണ്ട്; പ്രസ്തുത കാലയളവിൽ ഏതെങ്കിലും റേഷൻകടയുടെ ലൈസൻസ് റദ്ദ് ചെയ്യുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതു പ്രകാരം എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു; ഇതുപ്രകാരം ഏതൊക്കെ റേഷൻ സാധനങ്ങൾ എത്ര അളവിൽ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

മറുപടി

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) 42 ARD കൾക്കെതിരെയും 2 AWD കൾക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ഇതുവരെയായി വിവിധ ക്രമക്കേടുകൾക്ക് 1,66,60,896/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 40 ARD കളുടെയും 2 AWD കളുടെയും അംഗീകാരം താല്കാലികമായി സസ്പെന്റ് ചെയ്യുകയും 2 ARD കളുടെ അംഗീകാരം സ്ഥിരമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 169 കേസുകൾ; ഇതിൽ 165 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കണ്ടെത്തിയ റേഷൻ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പുഴുക്കലരി (കി.ഗ്രാം) | പച്ചരി (കി. ഗ്രാം) | ഗോതമ്പ് (കി. ഗ്രാം) | മണ്ണെണ്ണ (ലിറ്ററിൽ) |
|---|---|---|---|---|
| 2011 | 26874 | 3390 | 1805 | 6000 |
| 2012 | 67892 | 30361 | 32302 | 4780 |
| 2013 | 167509 | 26253 | 58514 | 15081 |
| 2014 | 114257 | 17520 | 4315 | 6378 |
| 2015 | 207279 | 32002 | 29467 | 630 |
| ആകെ | 583811 | 109526 | 126403 | 32869 |

| | | | |
|---|---|---|---|
| (സി) | കൊല്ലം ജില്ലയിലെ വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്; | (സി) | വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മേൽ സൂചിപ്പിച്ച ക്രമക്കേടുകളിൽ ഉദ്യോഗസ്ഥതല പങ്ക് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിവരം വെളിവാക്കുമോ ? | (ഡി) | ഉദ്യോഗസ്ഥതല പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ